# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.342 — 23/01/2018- ൽ മറുപടിയ്ക്ക്

## ബാലനീതി നിയമം

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേന്ദ്രസർക്കാരിന്റെ പുതിയ നിയമം (ജെ.ജെ.ആക്ട്) സംസ്ഥാനത്തെ അനാഥാലയങ്ങളുടെ നടത്തിപ്പിന് പ്രതിസന്ധി സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; | (എ) ഇല്ല. |
| (ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന എത്ര അനാഥാലയങ്ങളാണ് സംസ്ഥാനത്തുള്ളത് എന്നറിയിക്കാമോ; | (ബി) 1164 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) ഇതിൽ എത്ര സ്ഥാപനങ്ങൾ പുതിയ കേന്ദ്രനിയമത്തിന്റെ പശ്ചാത്തലത്തിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; എത്ര സ്ഥാപനങ്ങൾ ഇതിനകം നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) 495 സ്ഥാപനങ്ങൾ ജെ.ജെ. രജിസ്ട്രേഷന് അപേക്ഷ നൽകിയിട്ടുണ്ട്, 165 സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്. |
| (ഡി) എത്ര സ്ഥാപനങ്ങൾ നിർത്താലാക്കുകയാണെന്ന് കാണിച്ച് ഓർഫനേജ് കൺട്രോൾ ബോർഡിന് കത്ത് നൽകിയിട്ടുണ്ട് ; | (ഡി) 416 സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തുകയാണെന്ന് കാണിച്ച് ഓർഫനേജ് കൺട്രോൾ ബോർഡിന് കത്ത് നൽകിയിട്ടുണ്ട്. |
| (ഇ) ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഇ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം റദ്ദ് ചെയ്ത ജെ.ജെ. രജിസ്ട്രേഷൻ നേടാത്ത 43 സ്ഥാപനങ്ങൾ 31/03/2018 വരെ പ്രവർത്തിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സം വരാതിരിക്കുവാൻ ഈ അദ്ധ്യായന വർഷം അവസാനിക്കുന്നതുവരെ ടി സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. |

നിർത്തലാക്കുന്ന സ്ഥാപനങ്ങളിലെ കുട്ടികളെ സമാന സ്വഭാവമുള്ള ഇതര - സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുകയോ രക്ഷിതാക്കൾക്കൊപ്പം അയയ്ക്കുകയോ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജെ.ജെ. ആക്ട് 2015 പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് 6 മാസത്തെ സമയം കൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു. സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**